ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. വിവിധ തസ്തികകൾ തമ്മിലുള്ള ബന്ധവും തസ്തികകളുടെ ജോലിയുടെ സ്വഭാവവും വിദ്യാഭ്യാസ യോഗ്യതയും പരിശോധിച്ചതിനുശേഷമാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ശമ്പള പരിഷ്ക്കരണത്തിൽ വല്ല അപാകതകളും പറ്റിപ്പോയിട്ടുണ്ടെങ്കിൽ അപാകതകൾ പറഞ്ഞുകൊണ്ടുള്ള പരാതികൾ ലഭിച്ചിരുന്നു. ഈ അനോമലികൾ പരിശോധിക്കാൻ ചീഫ് സെക്രട്ടറി ചെയർമാനായ സമിതി രൂപീകരിക്കുകയുണ്ടായി. ആ സമയത്ത് ഇതെല്ലാം പരിശോധിക്കുകയും മെറിറ്റ്സിന്റെ അടിസ്ഥാനത്തിൽ ചിലത് നിരാകരിക്കുകയും ചിലത് സ്വീകരിക്കുകയും ചെയ്തു. വീണ്ടും എട്ട് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ കേരള ടൈപ്പിസ്റ്റ്സ് ആന്റ് സ്റ്റെനോഗ്രാഫേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിലെ ആവശ്യങ്ങൾ ഗവൺമെന്റിന് ഇനിയും വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

(6) കുത്തകപ്പാട്ടഭൂമിക്ക് പട്ടയം നൽകണമെന്നുള്ള ആവശ്യം

ശ്രീ. മാമ്മൻ മത്തായി : സർ, കുത്തകപ്പാട്ടഭൂമി കൈവശം വച്ച് കൃഷിചെയ്ത് ആദായമെടുക്കാത്ത, ആ ഭൂമിയിൽ കെട്ടിടം വച്ച് ബിസിനസ്സ് നടത്തി ആദായമെടുക്കാത്ത വിഭാഗത്തിൽപ്പെടുന്ന കൂട്ടരാണ് അഞ്ചുസെന്റിനു താഴെ മാത്രം കുത്തകപ്പാട്ട ഭൂമി കൈവശംവച്ച് താമസിക്കുന്നവർ. 25 വർഷമായി അഞ്ചുസെന്റിൽ താഴെമാത്രം ഭൂമിയിൽ താമസിക്കുന്ന മറ്റു വസ്തുവോ വീടോ ഇല്ലാത്ത ആൾക്കാരെ കുത്തകപ്പാട്ട ചാർജ് വർദ്ധനവിൽ നിന്നും ഒഴിവാക്കി അവർക്ക് പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥന്മാരുടെ കോൺഫറൻസ് അടിയന്തിരമായി വിളിച്ച് കൂട്ടുന്നതിനു നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ച് വീട് വച്ചു താമസിക്കാൻ കുത്തകപാട്ടം കൊടുക്കാൻ നിലവിൽ വ്യവസ്ഥയില്ല. വീട് വച്ച് താമസിക്കുന്നതിന് കുത്തക പാട്ട വ്യവസ്ഥയിൽ ഭൂമി കൊടുക്കുന്ന ഏർപ്പാടില്ല. എന്നാൽ മറ്റാവശ്യങ്ങൾക്ക് കൊടുത്ത ഭൂമിയിൽ വീട് വച്ചു താമസിക്കുന്നത് പ്രത്യേക കേസ്സാണ്. ഇത്തരം പ്രശ്നങ്ങൾ എവിടെയൊക്കെയാണ് ഉള്ളതെന്ന് പരിശോധിക്കാം. ആ കാര്യത്തിൽ അഞ്ചു സെന്റിനു താഴെ മാത്രം ഭൂമിയുള്ളതിൽ വീട് വച്ച് താമസിക്കുന്നത് ഏതു വ്യവസ്ഥയിൽ ആണെങ്കിലും അവരെ സംരക്ഷിക്കാൻ എന്തുചെയ്യാൻ കഴിയുമെന്ന് പരമാവധി നോക്കും, പരിഹാരമുണ്ടാക്കാൻ ശ്രമിക്കും.

(7) സാദ്ധ്യായ ദിവസങ്ങളെക്കുറിച്ചുള്ള യു.ജി.സി. നിബന്ധന

ശ്രീ. കെ. എം. മാണി. : സർ, കോളേജുകളിലെ ടീച്ചിംഗ് സമയത്തെ സംബന്ധിച്ചും അദ്ധ്യാപകർ കോളേജിലുണ്ടായിരിക്കേണ്ട സമയത്തെ സംബന്ധിച്ചും വന്നുചേർന്നിരിക്കുന്ന ആശയ കുഴപ്പങ്ങളും വൈരുദ്ധ്യങ്ങളും നീക്കുവാൻ സർക്കാർ ഇതുവരെ മുന്നോട്ടുവരാത്തത് ഖേദകരമാണ്. ആഴ്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly

5 ഡെയ്സ് സിസ്റ്റമനുസരിച്ചോ സിക്സ് ഡെയ്സ് സിസ്റ്റം അനുസരിച്ചോ കോളേജുകളിൽ ഒരു വർഷം 180 സാദ്ധ്യായ ദിവസങ്ങളുണ്ടായിരിക്കണമെന്നും ഓരോ ടീച്ചിംഗ് ഡേയിലും അദ്ധ്യാപകർ 5 മണിക്കൂർ വീതം കോളേജുകളിലുണ്ടാകണമെന്നും അങ്ങനെ 180 ആക്ച്വൽ ടീച്ചിംഗ് ഡെയ്സുകളിലായി 900 മണിക്കൂറുകൾ അദ്ധ്യാപകർ കോളേജുകളിലുണ്ടായിരിക്കണമെന്നുമുള്ള യു.ജി.സി. നിബന്ധന സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ 21-12-1999-ലെയും 18-2-2000 ത്തിലേയും സർക്കാർ ഉത്തരവുകൾ വഴി ഇത് സംസ്ഥാന ഗവൺമെന്റ് വിശദമാക്കുകയും ചെയ്തിരുന്നു. എന്നാൽ മേൽപ്പറഞ്ഞ പ്രഖ്യാപിത നയത്തിന് വിപരീതമായി സംസ്ഥാനത്തിലെ കോളേജ് അദ്ധ്യാപകർ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകിട്ട് 4.30 മണിവരെ ഹാജരായിരിക്കണമെന്നും 180 സാദ്ധ്യായ ദിവസങ്ങളിലായി 1320 മണിക്കൂർ കോളേജുകളിൽ ജോലി ചെയ്തേ മതിയാകൂവെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും കോളേജ് പ്രിൻസിപ്പൽമാർക്ക് അറിവ് ലഭിച്ചിട്ടുണ്ട്. ഈ സ്ഥിതിവിശേഷം വളരെ ഉത്കണ്ഠാജനകമാണ്. ഇത് യു.ജി.സി.യുടെയും ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവുകളുടെയും ലംഘനമാകയാൽ ഇത് തിരുത്തണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. എത്രയും വേഗം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവുകൾ പിൻവലിക്കണം. യു.ജി.സി. യുടെയും ഗവൺമെന്റിന്റേയും ഇതിനു മുമ്പുള്ള പ്രഖ്യാപനമനുസരിച്ച് ഇതിനാവശ്യമായ തിരുത്തലുകൾ വരുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, അദ്ധ്യാപകരുടേയും യൂണിവേഴ്സിറ്റിയിലെ മറ്റ് ഫിസിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ വിവിധ വിഭാഗങ്ങളിലെയും ആളുകളുടെയൊക്കെ ശമ്പളം പരിഷ്ക്കരിച്ച് നിർദ്ദേശിച്ച കൂട്ടത്തിൽ അദ്ധ്യയന ദിവസങ്ങളുടെ കൃത്യ കണക്കുംകൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഒരു അദ്ധ്യാപകൻ ഒരാഴ്ച 40 മണിക്കൂർ കോളേജിൽ ജോലി നോക്കണമെന്നാണ് വ്യവസ്ഥ. കൂടാതെ ഒരു കോളേജിൽ ഒരു വർഷം 180 അദ്ധ്യയന ദിവസങ്ങളെങ്കിലും ഉണ്ടാകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആഴ്ചയിൽ ആറ് പ്രവൃത്തി ദിവസമെങ്കിലുമുണ്ടാകണമെന്നാണ് യു.ജി.സി. നിർദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ 21-12-1999-ൽ ഗവൺമെന്റ് ഒരു ഓർഡർ പ്രസിദ്ധീകരിച്ചിരുന്നു. മേൽപ്പറഞ്ഞ ഉത്തരവിറക്കിയപ്പോൾ ചില അദ്ധ്യാപക സംഘടനകൾ അതിനെതിരെ സർക്കാരിന് നിവേദനം നൽകുകയുണ്ടായി. സർക്കാർ അതിന്മേൽ തീരുമാനമെടുത്തു. ആദ്യമിറക്കിയ ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തി. 18-2-2000-ലെ സർക്കാർ ഉത്തരവ് പ്രകാരം വീണ്ടും ഒരു ഉത്തരവിറക്കേണ്ടി വന്നു. അപ്രകാരം പ്രൈവറ്റ് കോളേജിലെ പ്രവൃത്തി സമയം സർക്കാർ 9 മണി മുതൽ 4.30 മണി വരെ ആക്കിയിട്ടുണ്ട്. വെക്കേഷനും പൊതു ഒഴിവു ദിവസങ്ങളുമൊഴികെ ചുരുങ്ങിയത് 180 അദ്ധ്യയന ദിവസങ്ങൾ ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അദ്ധ്യയന ദിവസങ്ങളുടെ കൂട്ടത്തിൽ സ്പോർട്സ്,

LIBRARY ARCHIVES Kerala Legislative Assembly

സാംസ്ക്കാരിക പ്രവർത്തനങ്ങൾ, കോളേജ് യൂണിയന്റെ തെരഞ്ഞെടുപ്പ്, ആർട്സ് ഫെസ്റ്റിവെൽ ഇവയൊക്കെ യു.ജി.സി. നിർദ്ദേശപ്രകാരമാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് യു.ജി.സി. യുടെ നിർദ്ദേശമനുസരിച്ച് നടപ്പിലാക്കും. എന്തായാലും യു.ജി.സി. നിർദ്ദേശമനുസരിച്ചുള്ള നിബന്ധനകൾ മാത്രമേ പാലിക്കൂ. അദ്ധ്യാപകർ കുറവാണ് വരുന്നതെങ്കിൽ അതിനുശേഷം വരുന്ന ശനിയാഴ്ചകളും അദ്ധ്യയന ദിവസങ്ങളായി പ്രിൻസിപ്പാൾ പ്രഖ്യാപിക്കേണ്ടതാണ്. അടുത്ത അദ്ധ്യയന വർഷം മുതൽ മുകളിൽ പരാമർശിക്കപ്പെട്ട പ്രകാരം നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾക്ക് പകരമായി അടുത്ത് വരുന്ന ശനിയാഴ്ചകളിൽ അദ്ധ്യയനം നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കോളേജുകളിലും ഇലക്ട്രോണിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 21-12-1999-ലെ സർക്കാർ ഉത്തരവിൽ യു.ജി.സി. നിർദ്ദേശിച്ച പ്രകാരം ഖണ്ഡിക 15 (7)-ൽ ആഴ്ചയിൽ 6 ദിവസം അദ്ധ്യയനം വേണമെന്ന് നിഷ്ക്കർഷിച്ചിരുന്നു. ഇതിനെതിരായി സംസ്ഥാനത്തെ അദ്ധ്യാപകർ ശനിയാഴ്ച ദിവസം ക്ലാസ്സെടുക്കുന്നതിൽ നിന്ന് വിട്ടു നിൽക്കുകയുണ്ടായി. അങ്ങനെയുള്ള അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ചില അദ്ധ്യാപക സംഘടനകൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2-3-2000-ലെ ജി.ഒ.പ്രകാരം ഈ ശമ്പളം താല്ക്കാലികമായി വിതരണം ചെയ്യണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. യു.ജി.സി. ശമ്പള പരിഷ്ക്കരണത്തോടൊപ്പം വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് യു.ജി.സി. വിവിധ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയാൽ മാത്രമേ കേന്ദ്ര സഹായം ഈ കാര്യത്തിൽ കിട്ടുകയുള്ളൂ.

(8) വരാപ്പുഴ പാലത്തിന്റെ പണിയോടൊപ്പം റോഡു പണികൂടി പൂർത്തീകരിക്കൽ

ശ്രീ. പി. രാജു : സർ, 438 കി.മീറ്റർ ദൂരം വരുന്നതും മഹാരാഷ്ട്രയിലെ പനവേലിയിൽ നിന്നും ആരംഭിക്കുന്നതും എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിലെ എൻ.എച്ച്. 47-ൽ സന്ധിക്കുന്നതുമായ എൻ.എച്ച്. 17-ന്റെ പ്രഖ്യാപനം കേന്ദ്ര സർക്കാർ നടത്തിയിട്ട് കാൽ നൂറ്റാണ്ടുകളാകാൻ പോകുകയാണ്. എൻ. എച്ച്.17-ലെ വരാപ്പുഴ പാലത്തിന്റെ പണി അന്ത്യഘട്ടത്തിലാണ്. പാലം പണി പൂർത്തിയാക്കുന്നതോടുകൂടി വാഹന ഗതാഗതം വർദ്ധിക്കും. എറണാകുളം ജില്ലയിൽ 24 കി.മീറ്ററാണ് എൻ.എച്ച്. 17-ന് വേണ്ടി അക്വിസിഷൻ നടത്തി പണി പൂർത്തീകരിക്കേണ്ടത്. അതിൽ ഏകദേശം 15 കി.മീറ്ററിന്റെ ലാന്റ് അക്വിസിഷൻ കഴിഞ്ഞു. അവിടെ വീടുകൾ പൊളിച്ചുമാറ്റി, വൃക്ഷങ്ങൾ വെട്ടിമാറ്റിയിട്ടുണ്ട്. എന്നാൽ റോഡിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. ബാക്കിയുള്ള 9 കി.മീറ്റർ ദൂരം (പറവൂർ, ആലുവ, തൃപ്പൂണിത്തുറ നിയോജക മണ്ഡലങ്ങളുൾപ്പെടെ വരുന്ന പ്രദേശങ്ങൾ) മൂന്ന് നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെടുത്തുന്ന 9 കി.മീറ്റർ ദൂരം റോഡിന്റെ അക്വിസിഷൻ ഇതുവരെ പൂർത്തീകരിച്ചില്ല. വരാപ്പുഴ പാലം പണി പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. രണ്ട് സ്പാനിന്റെ കൂടി പണി കഴിഞ്ഞാൽ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly